പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2956 12.10.2011 -ൽ മറുപടിയ്ക്ക്

## കാലിത്തീറ്റ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ.തോമസ് ചാണ്ടി | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) | |
| എ) | കാലിത്തീറ്റ നിർമ്മാതാക്കൾ ക്ഷീരകർഷകരെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) | കാലിത്തീറ്റ നിർമ്മാതാക്കൾ ക്ഷീരകർഷകരെ ചൂക്ഷണം ചെയ്യുന്നത് ഒഴിവാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | ഉത്പാദന ചെലവ് നിയന്ത്രിച്ച് പാലിന് നല്ല വിപണി വില ലഭിക്കാനുള്ള എന്തെങ്കിലും പുതിയ പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ? | ബി) | ഉൽപാദന ചെലവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കർഷകർക്ക് സബ്സിഡി നിരക്കിൽ തീറ്റ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ട്. അതുപോലെ തീറ്റയ്ക്കായി ഗുണമേന്മയുള്ള തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതി എന്നിവയും നിലവിലുണ്ട്. തീറ്റപ്പുൽകൃഷി നടത്തുന്നതിന് ക്ഷീരകർഷകർക്ക് സൗജന്യനിരക്കിൽ പുൽക്കട വിതരണം നടത്തുകയും കൃഷി ചെലവിന് സബ്സിഡി നൽകുയും പുൽകൃഷിയ്ക്ക് ഹെക്ടറിന് 12000 രൂപ ധനസഹായവും ചെയ്തു വരുന്നുണ്ട്. ഉൽപാദകന് പാലിന് പരമാവധി വിപണിവില ലഭ്യമാക്കുന്നതിനായി കർഷകർ ഉൽപാദിപ്പിക്കുന്ന പാൽ നേരിട്ട് വിപണനം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്ന പദ്ധതി ''നേച്ചർ ഫ്രഷ് മിൽക്ക് '' ത്രിതല പഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. |

Seela

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

കാലിത്തീറ്റ നിർമ്മാതാക്കളുടെ ചൂഷണത്തിൽ നിന്ന് ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിനായി സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് പൊതുമേഖലാ സ്ഥാപനങ്ങളായ മിൽമ, കേരള ഫീഡ്സ്, എന്നിവ വഴി കാലിത്തീറ്റ, കന്നുക്കുട്ടിതീറ്റ എന്നിവ സബ്സിഡി നിരക്കിൽ സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികൾ വഴി കർഷകർക്ക് നൽകുന്നുണ്ട്. ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇടപെടൽമൂലം കമ്പോളത്തിൽ കാലിത്തീറ്റയുടെ വില നിലവാരം പിടിച്ചുനിർത്താൻ ഒരു പരിധിവരെ സാധിക്കുന്നുണ്ട്.ആഭ്യന്തര ഉൽപാദനം കൂട്ടുന്നതിനായി കരുനാഗപ്പള്ളിയിൽ ആരംഭിച്ച ആധുനിക കന്നുകാലിത്തീറ്റ നിർമ്മാണ ഫാക്ടറിയിൽ ഉടനെ ഉൽപാദനം തുടങ്ങുന്നതാണ്. വടക്കൻ കേരളത്തിൽ കാലിത്തീറ്റ ലഭ്യത കൂട്ടുന്നതിനും ഗുണമേന്മയുള്ള തീറ്റ വിതരണത്തിനുമായി കോഴിക്കോട് കേന്ദ്രമാക്കി ഒരു കന്നുകാലിത്തീറ്റ ഫാക്ടറി കൂടി ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവ കൂടാതെ ''ഡെൻസിഫൈഡ് ഫോഡർ ബ്ളോക്ക് '' നിർമ്മാണത്തിനായി കേരള ഫീഡ്സിന്റെ കീഴിൽ മുതലമടയിലും, കെ.എൽ.ഡി.ബോർഡിന്റെ കീഴിൽ ധോണിയിലും നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആതവനാട് കേന്ദ്രീകരിച്ച് ഒരു ധാതുലവണ ഉൽപാദനകേന്ദ്രം കേരളാഫീഡ്സ് മുഖേന ആരംഭിക്കുന്നതിനുള്ള ബൃഹത്പദ്ധതിയ്ക്കായി ഫണ്ടും അനുമതിയും നൽകിക്കഴിഞ്ഞു.

Seela

സെക്ഷൻ ഓഫീസർ